INTERNATIONAL BACCALAUREATE
BACCALAURÉAT INTERNATIONAL
BACHILLERATO INTERNACIONAL

M99/191/S

# MALAYALAM / MALAYALAM / MALAYALAM A1

## Standard Level / Niveau Moyen (Option Moyenne) / Nivel Medio

Thursday 13 May 1999 (afternoon)/Jeudi 13 mai 1999 (après-midi)/Jueves 13 de mayo de 1999 (tarde)

Paper / Épreuve / Prueba 1 | 3h

### INSTRUCTIONS TO CANDIDATES

Do NOT open this examination paper until instructed to do so.

This paper consists of two sections, Section A and Section B.

**Answer BOTH Section A AND Section B.**

**Section A:** Write a commentary on ONE passage. Include in your commentary answers to ALL the questions set.

**Section B:** Answer ONE essay question. Refer mainly to works studied in Part 3 (Groups of Works); references to other works are permissible but must not form the main body of your answer.

### INSTRUCTIONS DESTINÉES AUX CANDIDATS

NE PAS OUVRIR cette épreuve avant d'y être autorisé.

Cette épreuve comporte deux sections, la Section A et la Section B.

**Répondre ET à la Section A ET à la Section B.**

**Section A:** Écrire un commentaire sur UN passage. Votre commentaire doit traiter TOUTES les questions posées.

**Section B:** Traiter UN sujet de composition. Se référer principalement aux œuvres étudiées dans la troisième partie (Groupes d'œuvres); les références à d'autres œuvres sont permises mais ne doivent pas constituer l'essentiel de la réponse.

### INSTRUCCIONES PARA LOS CANDIDATOS

NO ABRA esta prueba hasta que se lo autoricen.

En esta prueba hay dos secciones: la Sección A y la Sección B.

**Conteste las dos secciones, A y B.**

**Sección A:** Escriba un comentario sobre UNO de los fragmentos. Debe incluir en su comentario respuestas a TODAS las preguntas de orientación.

**Sección B:** Elija UN tema de redacción. Su respuesta debe centrarse principalmente en las obras estudiadas para la Parte 3 (Grupos de obras); se permiten referencias a otras obras siempre que no formen la parte principal de la respuesta.

# ഏ. വിഭാഗം

**താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണിയെ അവലംബിച്ച് ആസ്വാദനപഠനം നടത്തുക.**

1. (a)

ഘടികാരഗോപുരത്തിൽ നിന്ന് ഏഴരമണിയടിച്ചപ്പോഴേയ്ക്ക്, അതുവരെ 'പൂച്ചെക്കൊല്ലി' ത്തെരുവിന്നു മീതെ എരിഞ്ഞു നിന്നിരുന്ന സൂര്യൻ കെട്ടടങ്ങിക്കഴിഞ്ഞിരുന്നു. ആ തെരുവിൽ വേദനാകരമാംവണ്ണം ജ്വലിച്ച ഭിന്നാഭിപ്രായങ്ങളുടെ എരിതീയും പെട്ടെന്ന് അടങ്ങിക്കഴിഞ്ഞിരുന്നു. അതിന്റെ സ്ഥാനത്തിപ്പോൾ ഇന്ത്യയിൽ സായംസന്ധ്യയ്ക്കുണ്ടാകാറുള്ള വിളർത്ത പ്രശാന്തതയാണ്. പകലുണ്ടായിരുന്ന ചൂട് അപ്പോഴും തെരുവിന്റെ മുക്കിലും മൂലയിലും പതുങ്ങിപ്പതുങ്ങി നിന്നിരുന്നുവെങ്കിലും, അവിടമാകെ പരന്ന നിശ്ശബ്ദതയ്ക്ക് ആഴം കൂട്ടുവാനെന്നോണം, നിഴലുകൾ വീണിട്ടുണ്ട്. നെഞ്ഞത്തും, തലയിലും തുടയിലുമടിച്ചുകൊണ്ട് ചെമ്പുകൊട്ടിപ്പെണ്ണുങ്ങൾ നടത്തുന്ന വിലാപങ്ങളും ആലപിയ്ക്കുന്ന ശോകഗാനങ്ങളും മാത്രം ആ നിശ്ശബ്ദതയെ ഭഞ്ജിയ്ക്കുന്നുണ്ട്. അങ്ങനെ വിലപിയ്ക്കാത്ത സ്ത്രീകൾ ഈ രണ്ടുപേരായി ചേർന്നിരുന്ന്, ഒതുക്കത്തോടെ വസ്ത്രതുമ്പുകൊണ്ട് തലമൂടി, ദ്വന്ദ ഗാനങ്ങൾ പാടുകയാണ്. പലതരത്തിലുംപെട്ട നിശ്ശബ്ദതകൾ അവിടെ തങ്ങിനിൽപുണ്ട് – ആനന്ദന്റെ മരണനിശ്ശബ്ദത ഒരു വശത്ത്; ശ്വാസത്തിനു കീഴിലല്ലാതെ ആർക്കും പരസ്പരം സംസാരിക്കാൻ കഴിയാതായിത്തീർന്ന മൂകനിശ്ശബ്ദത മറ്റൊരു വശത്ത്; നിശ്ശബ്ദതയുടെനേരെ ചെവികൂർപ്പിച്ചിരിക്കയാണോ എന്നു തോന്നിയ്ക്കുന്ന അഭൗമമായ മൗനം വേറൊരു വശത്ത്; പശ്ചാത്താപം സ്ഫുരിക്കുന്ന നെടുവീർപ്പുകളും, ചെമ്പുകൊട്ടികൾ പരസ്പരം ആശ്വസിപ്പിക്കുമ്പോഴത്തെ ഗദ്ഗദം നിറഞ്ഞ വാക്കുകളും മാത്രമാണ് ആ നിശ്ശബ്ദതയെ ഇടയ്ക്കൊന്നില്ലാതാക്കുന്നത്. അവരെല്ലാവരും ഇപ്പോൾ ആനന്ദന്റെ പീടികയിൽ അവന്റെ ശവത്തിനു ചുറ്റും ഇരിയ്ക്കുകയാണ്. ആ സ്ഥലം അന്നുച്ചയ്ക്കുപോലും അവന്റെ സജീവസാന്നിദ്ധ്യം കൊണ്ട് നിറഞ്ഞതായിരുന്നുവല്ലോ?

മുൽക്ക് രാജ് ആനന്ദ്

**വിശാല ഹൃദയം**

കറന്റ് ബുക്സ് (1989)

*സൂചകങ്ങൾ*

ഗ്രന്ഥകർത്താവ് നൽകുന്ന സന്ദേശം എന്താണ് ?

ഗ്രന്ഥകർത്താവിന്റെ പ്രതിപാദന രീതി എങ്ങനെ ?

ഗ്രന്ഥകർത്താവിന്റെ പാത്ര സൃഷ്ടിയുടെ പ്രത്യേകതയെന്ത് ?

ഈ ഉദ്ധരണി നിങ്ങളിൽ എന്ത് ചിന്തകൾ ഉയർത്തുന്നു ?

1. (b)

നല്ലതല്ലൊരുവൻ ചെയ്ത
നല്ലകാര്യം മറപ്പത്
നല്ലതല്ലാത്തതുടനേ
മറന്നീടുന്നതുത്തമം.

ധർമ്മം ജയിക്കുന്നു, സത്യം
ജയിക്കുന്നിങ്ങു സർവ്വദാ
അധർമ്മവും ജയിക്കുന്നി-
ല്ലസത്യവുമൊരിക്കലും

നെല്ലിന്നു നീരു വിട്ടീടിൽ
പുല്ലിനും പോയിടുന്നത്;
കല്ലിലത്രേ ജലം, നെല്ലിൽ-
ച്ചെല്ലും വഴി ചെറുക്കുകിൽ.

പേരും പ്രതിഭയും നല്ലോ-
രാരുമേ കൈവിടില്ലത്,
നേരറ്റ കൃപണർക്കൊട്ടും
ചേരാ, നേരേ വിപര്യയം.

ഒന്നുണ്ടു നേരു, നേരല്ലി-
തൊന്നും, മർത്ത്യർക്കു സത്യവും
ധർമ്മവും വേണമായുസ്സ്
നില്ക്കുകില്ലാർക്കുമോർക്കുക.

ദത്താപഹാരം വംശ്യർക്കു-
മത്തലേകീടുമെന്നതു
വ്യർത്ഥമല്ല പുരാഗീരി-
തെത്രയും സത്യമോർക്കുക.

കൊടുത്തതു തിരിച്ചങ്ങോ-
ട്ടെടുക്കുന്നവനെത്രയും
നിസ്സ്വനാമവനെക്കാളും
നിസ്സ്വനില്ലാരുമൂഴിയിൽ.

ശ്രീനാരായണ
ഗുരുദേവ കൃതികൾ (1996)

സൂചകങ്ങൾ

എന്തിനെ കുറിച്ചാണീ കവിത ?
പദ്യ ഭാഗത്തിന്റെ സവിശേഷതകൾ ഏവ?
എന്തെല്ലാം ആശയങ്ങൾ പ്രതിപാദിക്കപ്പെടുന്നുണ്ട് ?
ഉദ്ധരണി നിങ്ങളിൽ എന്ത് ചിന്തകൾ ഉയർത്തുന്നു ?

# ബി. വിഭാഗം

ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഉപന്യസിക്കുക. മൂന്നാം വിഭാഗത്തിൽ നിങ്ങൾ പഠിച്ച ഏതെങ്കിലും രണ്ട് കൃതികളെ അധികരിച്ചായിരിക്കണം ഉത്തരം തയ്യാറാക്കുന്നത്. മറ്റ് കൃതികൾ പരാമർശിക്കപ്പെടാം. എന്നാൽ അത് ഉത്തരത്തിന്റെ കേന്ദ്രബിന്ദു ആകരുത്.

2. നിങ്ങൾ പഠിച്ച ഏതെങ്കിലും രണ്ട് കൃതികളിൽ പ്രകൃതിദൃശ്യങ്ങളുടെയോ ദൈവികതയുടെയോ പ്രതിപാദനം എങ്ങനെ എന്നതിനെക്കുറിച്ച് ഒരു താരതമ്യപഠനം നടത്തുക.

3. നിങ്ങൾ പഠിച്ച കൃതികളിൽ കഥാപാത്രങ്ങൾ സ്നേഹം അഥവാ വിദ്വേഷം പ്രതിഫലിപ്പിക്കുന്ന തെങ്ങനെയെല്ലാമെന്നും എത്രത്തോളമെന്നും വിവരിക്കുക?

4. സങ്കേതിക പുരോഗതിയോടോ ആധുനിക സംസ്കാരത്തോടോ ഗ്രന്ഥകർത്താക്കളുടെ മനോഭാവം എങ്ങനെയെന്ന് നിങ്ങൾ പഠിച്ച കൃതികളെ ആധാരമാക്കി വ്യക്തമാക്കുക. ഈ മനോഭാവം എങ്ങനെയാണ് പ്രകടമാക്കിയിട്ടുള്ളത്?

5. "സാഹിത്യത്തിലെ കഥാപാത്രങ്ങൾ ശക്തമോ ദുർബലമോ ആകാം;അനുകരണീയമോ വെറുക്കപ്പെടേണ്ടവയോ ആകാം; എന്നാലവ വിശ്വാസയോഗ്യമായിരിക്കണം". ഒരു കഥാപാത്രം വിശ്വസനീയമാവുന്നതെപ്പോഴാണ് ? പഠിച്ച കൃതികളിൽ നിന്ന് ഉദാഹരിക്കുക.

6. അനുവാചകരെ തൃപ്തിപ്പെടുത്താൻ ഗ്രന്ഥകർത്താക്കൾ തങ്ങളുടെ കൃതികളിൽ ശുഭപര്യവസായിത്വം സ്വീകരിക്കാറുണ്ടോ? നിങ്ങൾ വായിച്ചിട്ടുള്ള കൃതികളെ അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുക.